## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3062 11.12.2014-ൽ മറുപടിയ്ക്ക്

### സീറോ ലാന്റ് ലെസ് പദ്ധതി

| ചോദ്യം<br>ശ്രീ.സി.കെ.സദാശിവൻ | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര പേർക്കാണ് ഭൂമി നൽകുന്നതെന്ന് അറിയിക്കാമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം നിലവിൽ 14,163 ഗുണഭോക്താക്കൾക്ക് ആലപ്പുഴ ജില്ലയിൽ ഭൂമി നൽകേണ്ടതായിട്ടുണ്ട്. ഒന്നാം ഘട്ടമായി 188 പേർക്ക് ഭൂമി അനുവദിച്ചിട്ടുമുണ്ട്. വിവിധ ഘട്ടങ്ങളായാണ് പദ്ധതി പ്രകാരം പട്ടയം നൽകാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | ആകെ എത്ര അപേക്ഷകരാണ് പ്രസ്തുത ജില്ലയിൽ ലഭിച്ചിട്ടുള്ളത്; | 17,142 അപേക്ഷകൾ ജില്ലയിൽ ആദ്യഘട്ടത്തിൽ ലഭിച്ചിരുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിന് 1.2.2014 മുതൽ 31.3.2014 വരെ വീണ്ടും അവസരം നൽകിയതിനെ തുടർന്ന് 1326 അപേക്ഷകളും കൂടി ലഭിച്ചിട്ടുണ്ട്. |
| (സി) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങളാണ് അവലംബിയ്ക്കുന്നത്:-<br>1) അപേക്ഷകർ കേരള സംസ്ഥാനത്ത് ജനിച്ചവരും സ്ഥിര താമസക്കാരുമായിരിക്കണം.<br>2) അപേക്ഷകനോ കുടുംബാംഗങ്ങൾക്കോ സംസ്ഥാനത്തിനകത്തോ പുറത്തോ സ്വന്തമായി ഭൂമി ഉണ്ടായിരിക്കരുത്.<br>3) അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം (എല്ലാ സ്രോതസ്സിൽ നിന്നും) 75,000/- (എഴുപത്തി അയ്യായിരം) രൂപയിൽ താഴെ ആയിരിക്കണം. |

| | | |
|---|---|---|
| | | 4) കുടുംബമെന്നത് ഭൂമി പതിവ് ചട്ടങ്ങളിൽ സൂചിപ്പിക്കുന്ന പ്രകാരം ഒരു വ്യക്തിയും അയാളുടെ ഭാര്യ/ഭർത്താവും, ആശ്രയിച്ചു കഴിയുന്ന മക്കൾ, മാതാപിതാക്കൾ എന്നിവർ ഉൾപ്പെട്ടതായിരിക്കണം.<br>5) കുടുംബനാഥനോ/കുടുംബനാഥയോ സമർപ്പിച്ചിട്ടുള്ള അപേക്ഷകളായിരിക്കണം.<br>6) പാരമ്പര്യമായ ഭൂമി ഭാവിയിൽ ലഭിക്കുവാൻ സാദ്ധ്യത ഉണ്ടാകാൻ പാടില്ല.<br>7) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015' പ്രഖ്യാപിച്ച 09.03.2012 എന്ന തീയതിയ്ക്ക് ശേഷം സ്വന്തം ഭൂമി കൈമാറ്റം ചെയ്തിട്ടുള്ളവരാകരുത്. |

C.K.V. Kumar

സെക്ഷൻ ഓഫീസർ